**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 452** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>അമ്പലപ്പുഴ- തോട്ടപ്പള്ളി സ്പിൽവേ പ്രദേശത്തെ അനധികൃത കരിമണൽ ഖനനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** അമ്പലപ്പുഴ മണ്ഡലത്തിലെ തോട്ടപ്പള്ളി സ്പിൽവേയുടെ അഴിമുഖത്തും സമീപതീര പ്രദേശങ്ങളിലും വന്നടിയുന്ന കരിമണൽ രാജ്യാന്തര മൂല്യമുള്ളതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്

**(ബി)** ഈ അമൂല്യധാതു സ്വകാര്യശക്തികളും കരിമണൽ കമ്പനികളും കൈക്കലാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഇന്ത്യൻ റയർ എർത്ത്സ് ലിമിറ്റഡ്, കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് എന്നീ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾക്കാണ് കരിമണൽ ഖനനം നടത്തുവാൻ സർക്കാർ അനുമതി നല്കിയിട്ടുള്ളത്.

**(സി)** ഐ. ആർ. ഇ. എൽ. (ഇന്ത്യൻ റയർ എർത്ത്സ് ലിമിറ്റഡ്)ഉം ചവറ മിനറൽസ് ആൻറ് മെറ്റൽസും നടത്തുന്ന കരിമണൽ ഇടപാടുകളിൽ സാമ്പത്തിക ദുരൂഹതയുള്ളതായി ആരോപണമുള്ളത് അന്വേഷിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** ഇതു സംബന്ധിച്ച് പരാതികളിൽ NGT, ലോകായുക്ത, വിജിലൻസ് എന്നീ തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്.

**(ഡി)** ഇല്ലെങ്കിൽ കഴിഞ്ഞ പത്ത് വർഷക്കാലത്തെ കരിമണൽ ഖനനത്തെപ്പറ്റി വിദഗ്ദരും സാമ്പത്തിക ശാസ്ത്രജ്ഞന്മാരും അടങ്ങുന്ന ഒരു ഉന്നതതല അന്വേഷണ സംഘത്തെകൊണ്ട് അന്വേഷിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; നിലവിലെ ടെണ്ടറുകൾ റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലവിൽ പരിഗണനയിൽ ഇല്ല.

**(ഇ)** തോട്ടപ്പള്ളി പ്രദേശം ഖനനവിരുദ്ധ മേഖലയായി പ്രഖ്യാപിക്കാമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**